# ഇ.പി.എഫ്.ഒ. തൊഴിലുടമയിൽ നിന്ന് നിയമവിരുദ്ധമായി പിടിച്ചെടുത്ത പണം പലിശ സഹിതം തിരിച്ചുനല്കണം

## പാറ്റ്ന ഹൈക്കോടതി

C.W.J.C. No. 18863/2019 Dt. 6.1.2020

ജീ പീ ഫർണിച്ചർ (ന്യൂ)
x
സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ്

ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനമാണ് ജീ പീ ഫർണിച്ചർ. എന്നിട്ടും ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തുകയും സ്ഥാപനത്തിന്റെ വിശദീകരണങ്ങളും തടസ്സവാദങ്ങളും അവഗണിച്ച് വിഹിതം നിർണ്ണയിച്ച് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാനിരിക്കെ യാതൊരു മുന്നറിയിപ്പുമില്ലാതെ ഇ.പി.എഫ്. അധികൃതർ സ്ഥാപനത്തിന്റെ ബേങ്ക് എക്കൗണ്ട് ജപ്തി ചെയ്ത് പണം വസൂലാക്കി. തുടർന്ന് സ്ഥാപനം അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. സ്ഥാപനത്തിന്റെ വാദം അംഗീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമല്ലെന്ന് പ്രഖ്യാപിക്കുകയും പിടിച്ചെടുത്ത തുക തിരിച്ചുനല്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പണം തിരിച്ചുനല്കാൻ തയ്യാറാകാതിരുന്ന ഇ.പി.എഫ്. അധികൃതർ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇ.പി.എഫ്. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധി ശരിവച്ച ഹൈക്കോടതി ഇ.പി.എഫ്. അധികൃതരുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു. തുടർന്ന്, പിടിച്ചെടുത്ത പണം പലിശ സഹിതം തിരിച്ചുനല്കണമെന്ന് മേനേജ്മെന്റ് ആവശ്യപ്പെട്ടപ്പോൾ അസ്സൽ പണം മാത്രം അധികൃതർ തിരിച്ചുനല്കി. പലിശയില്ലാതെ പണം സ്വീകരിക്കില്ലെന്ന് മേനേജ്മെന്റ് നിർബ്ബന്ധം പിടിച്ചു. പലിശ സഹിതം പണം തിരിച്ചുനല്കാൻ തയ്യാറാകാത്ത ഇ.പി.എഫ്. ഓർഗനൈസേഷനെതിരെ മേനേജ്മെന്റ് വീണ്ടും ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. നിയമവിരുദ്ധമായും അനധികൃതമായും പിടിച്ചെടുത്ത പണം പലിശ സഹിതം തിരിച്ചുനല്കാൻ ഇ.പി.എഫ്.ഒ. ബാധ്യസ്ഥമാണെന്ന് മേനേജ്മെന്റ് വാദിച്ചു. തിരിച്ചുനല്കുന്ന പണത്തിന് പലിശ നല്കാൻ ഇ.പി.എഫ്. നിയമത്തിൽ വ്യവസ്ഥയില്ലെന്ന് ഇ.പി.എഫ്. അധികൃതർ വാദിച്ചത് ഹൈക്കോടതി അംഗീകരിച്ചില്ല. നിയമവിരുദ്ധമായി തീരുമാനമെടുക്കുകയും അനധികൃതമായി പണം പിടിച്ചെടുക്കുകയും ചെയ്തതിനു ശേഷം പണം തിരിച്ചുകൊടുക്കേണ്ടിവരുമ്പോൾ പലിശ നല്കാൻ വ്യവസ്ഥയില്ലെന്ന വാദം ഉന്നയിക്കുന്നത് ബാലിശമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അനധികൃതമായി കൈവശം വച്ച പണം ഇ.പി.എഫ്.ഒ. വിപണി നിരക്കിലുള്ള പലിശ സഹിതം ഒരു മാസത്തിനുള്ളിൽ സ്ഥാപനത്തിന് തിരിച്ചുനല്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.